ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ, ശുദ്ധജല വിതരണ പദ്ധതികൾ, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ പുരോഗതിക്കുള്ള പട്ടികവർഗ്ഗ ഉപപദ്ധതി, കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ, പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന വികസന പദ്ധതികൾ, വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ള പദ്ധതി, പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിലെയും മോഡൽ റെസിഡൻഷ്യൽ ഹോസ്റ്റലിലെയും സ്കൂളുകളിലെയും കുട്ടികൾക്ക് കൗൺസലിംഗ് പ്രാക്തന ഗോത്ര കുട്ടികൾക്കുള്ള പര്യടന വിദ്യാഭ്യാസ പരിപാടി, ഊരുകൂട്ട മൂപ്പൻമാർക്ക് പരിശീലനം, പട്ടികവർഗ്ഗ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ട്രെയ്ഡ് ഫെയറുകൾ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്.

പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ബി) ആദിവാസി ക്ഷേമത്തിനായി ഭൂമി വിതരണമുൾപ്പെടെ വിവിധ വിദ്യാഭ്യാസ, ആരോഗ്യ, സാമ്പത്തിക സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പിലാക്കിവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നാളിതുവരെ 3208 ആദിവാസി കുടുംബങ്ങൾക്ക് 5173.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 11 ആയി ചേർത്തിട്ടുണ്ട്.†

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗം ജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് നാഷണൽ ആദിവാസി ഫെഡറേഷൻ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രി 3-12-2004-ൽ ചർച്ച നടത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

130 [3184] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഉണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയിൽ വൈദ്യുതീകരിച്ചവ എത്ര;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്. .

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) 1996-1997-ലെ സർവ്വേ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് 4082 പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്. അതിൽ 1650 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ നാല് ജില്ലകൾ ഒഴികെ സംസ്ഥാനത്തെ ബാക്കി 10 ജില്ലകളിലായി ആകെ 6585 പട്ടികജാതി കോളനികൾ നിലവിലുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങളും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 4 ജില്ലകളിലെ വിവരം പിന്നീട് ശേഖരിച്ചു നല്കുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ ആഹാരത്തിനുള്ള വിഹിതം

131 [3185] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ ഒരു കുട്ടിക്ക് ആഹാരത്തിനായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്;

(സി) ജീവിതച്ചെലവ് വർദ്ധിച്ചതനുസരിച്ച് ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പ്രീ-മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് പ്രതിമാസം 500 രൂപയും, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് പ്രതിമാസം 600 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇത് അവസാനമായി പരിഷ്ക്കരിച്ചത് 10-12-1996-ലെ (കയ്യെഴുത്ത്) നം. 63/96/പജ.പവ.വിവ. എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ്.

(സി) പരിഗണിച്ചു വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ കോർപ്പസ് ഫണ്ട്

132 [3186] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly